**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 124** **16-09-2025 - ൽ മറുപടിയ്ക്ക്**

**പോക്സോ കോടതികളിലെ കേസുകൾ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പോക്സോ കോടതികൾ നിലവിലുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) | റേപ് കേസുകളും പോക്സോ നിയമപ്രകാരമുള്ള കേസുകളും വേഗത്തിൽ വിചാരണ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമായി 14 എക്സ്ക്ലൂസീവ് പോക്സോ കോടതികൾ ഉൾപ്പെടെ 56 അതിവേഗ പ്രത്യേക കോടതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതികളെയും, മറ്റ് ജില്ലകളിലെ ഫസ്റ്റ് അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതികളെയും 'Children's Court' ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള പോക്സോ കോടതികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ പോക്സോ കോടതികളിൽ 31.07.2025 വരെ തീർപ്പാക്കാനുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. |
| (സി) | പോക്സോ കോടതികളിലെ കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കാലതാമസം യഥാസമയം നീതി ലഭ്യമാകാത്ത അവസ്ഥ സൃഷ്ടിക്കുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഫോറൻസിക് ലാബുകളിലെ മാനവശേഷിയിൽ ഉള്ള അപര്യാപ്തത കാരണം ഫോറൻസിക് റിപ്പോർട്ടുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഇക്കാര്യം പരിഹരിയ്ക്കുന്നതിനും, കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലെ തടസ്സം ഒഴിവാക്കുന്നതിനും ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ 28 സയന്റിഫിക് ഓഫീസർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളിലെയും മറ്റ് പോക്സോ വിചാരണ കോടതികളിലെയും കേസുകളുടെ ഫയലിംഗ്, തീർപ്പാക്കിയ കേസുകളുടേയും, തീർപ്പാക്കുവാൻ ശേഷിക്കുന്ന കേസുകളുടെയും എണ്ണവും, പോക്സോ |

| | | | |
|---|---|---|---|
| | | | ആക്ടിന് കീഴിലുള്ള കേസുകളുടെ വിചാരണയുടെ പുരോഗതിയും ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി നിരന്തരം നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുണ്ടെന്ന് ബഹു. ഹൈക്കോടതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളിലെയും പോക്സോ വിചാരണ കോടതികളിലെയും ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവും പ്രാപ്തിയും ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി പതിവായി വിലയിരുത്തുന്നു. ഈ കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുമായി ആനുകാലിക യോഗങ്ങൾ നടത്തുകയും, കോടതികളിലെ തീർപ്പാക്കൽ നിരക്ക് വർദ്ധിപ്പിക്കുന്നതിനും വിചാരണ വേഗത്തിലാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ, ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളിലെയും മറ്റ് പോക്സോ വിചാരണ കോടതികളിലെയും ഉദ്യോഗസ്ഥരുടെ പ്രകടനം ബന്ധപ്പെട്ട ജില്ലയിലെ അഡ്മിനിസ്ട്രേറ്റീവ് ചാർജ് വഹിക്കുന്ന ബഹു. ജില്ലാ ജഡ്ജി പ്രതിമാസം നിരീക്ഷിക്കുകയും കോടതികളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. ജുവനൈൽ ജസ്റ്റിസ് കമ്മിറ്റിയുടെ നിരീക്ഷണം ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ടെന്നും, കോവിഡ് മഹാമാരി കോടതികളുടെ പ്രവർത്തനത്തെ ബാധിച്ചെങ്കിലും, പോക്സോ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് മുമ്പുള്ള കേരള സംസ്ഥാനത്തെ സാഹചര്യവുമായി താരതമ്യപ്പെടുത്തുമ്പോൾ, കേസുകൾ തീർപ്പാക്കുന്നതിലുള്ള എണ്ണത്തിൽ ശ്രദ്ധേയമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും ബഹു. ഹൈക്കോടതി വിലയിരുത്തിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കി കൃത്യമായും ഇരകൾക്ക് നീതി ഉറപ്പാക്കുവാനായി സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | (സി)യിലെ ഉത്തരത്തിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - എ

| ക്രമ നമ്പർ | കോടതിയുടെ പേര് | കോടതി സ്ഥിതിചെയ്യുന്ന ജില്ല |
|---|---|---|
| 1 | അതിവേഗ പ്രത്യേക കോടതി, തിരുവനന്തപുരം ** | തിരുവനന്തപുരം |
| 2 | അതിവേഗ പ്രത്യേക കോടതി, നെയ്യാറ്റിൻകര | തിരുവനന്തപുരം |
| 3 | അതിവേഗ പ്രത്യേക കോടതി, നെടുമങ്ങാട് | തിരുവനന്തപുരം |
| 4 | അതിവേഗ പ്രത്യേക കോടതി, ആറ്റിങ്ങൽ | തിരുവനന്തപുരം |
| 5 | അതിവേഗ പ്രത്യേക കോടതി, വർക്കല | തിരുവനന്തപുരം |
| 6 | അതിവേഗ പ്രത്യേക കോടതി, കാട്ടാക്കട | തിരുവനന്തപുരം |
| 7 | അതിവേഗ പ്രത്യേക കോടതി-II, നെയ്യാറ്റിൻകര | തിരുവനന്തപുരം |
| 8 | അതിവേഗ പ്രത്യേക കോടതി, പുനലൂർ ** | കൊല്ലം |
| 9 | അതിവേഗ പ്രത്യേക കോടതി, കരുനാഗപ്പള്ളി | കൊല്ലം |
| 10 | അതിവേഗ പ്രത്യേക കോടതി, കൊല്ലം | കൊല്ലം |
| 11 | അതിവേഗ പ്രത്യേക കോടതി, കൊട്ടാരക്കര | കൊല്ലം |
| 12 | അതിവേഗ പ്രത്യേക കോടതി, പത്തനംതിട്ട** | പത്തനംതിട്ട |
| 13 | അതിവേഗ പ്രത്യേക കോടതി, അടൂർ | പത്തനംതിട്ട |
| 14 | അതിവേഗ പ്രത്യേക കോടതി, ഹരിപ്പാട് ** | ആലപ്പുഴ |
| 15 | അതിവേഗ പ്രത്യേക കോടതി, ചേർത്തല | ആലപ്പുഴ |
| 16 | അതിവേഗ പ്രത്യേക കോടതി, ചെങ്ങന്നൂർ | ആലപ്പുഴ |
| 17 | അതിവേഗ പ്രത്യേക കോടതി, കോട്ടയം** | കോട്ടയം |
| 18 | അതിവേഗ പ്രത്യേക കോടതി, ചങ്ങനാശ്ശേരി | കോട്ടയം |
| 19 | അതിവേഗ പ്രത്യേക കോടതി, ഈരാറ്റുപേട്ട | കോട്ടയം |
| 20 | അതിവേഗ പ്രത്യേക കോടതി, ഇടുക്കി (പൈനാവ്) | തൊടുപുഴ |
| 21 | അതിവേഗ പ്രത്യേക കോടതി, കട്ടപ്പന** | തൊടുപുഴ |
| 22 | അതിവേഗ പ്രത്യേക കോടതി, ദേവികുളം | തൊടുപുഴ |
| 23 | അതിവേഗ പ്രത്യേക കോടതി, പെരുമ്പാവൂർ** | എറണാകുളം |
| 24 | അതിവേഗ പ്രത്യേക കോടതി, ആലുവ | എറണാകുളം |
| 25 | അതിവേഗ പ്രത്യേക കോടതി, വടക്കൻ പറവൂർ | എറണാകുളം |
| 26 | അതിവേഗ പ്രത്യേക കോടതി, കുന്നംകുളം | തൃശ്ശൂർ |

| | | |
|---|---|---|
| 27 | അതിവേഗ പ്രത്യേക കോടതി, തൃശ്ശൂർ** | തൃശ്ശൂർ |
| 28 | അതിവേഗ പ്രത്യേക കോടതി, ഇരിങ്ങാലക്കുട | തൃശ്ശൂർ |
| 29 | അതിവേഗ പ്രത്യേക കോടതി–II, തൃശ്ശൂർ | തൃശ്ശൂർ |
| 30 | അതിവേഗ പ്രത്യേക കോടതി, ചാലക്കുടി | തൃശ്ശൂർ |
| 31 | അതിവേഗ പ്രത്യേക കോടതി, ചാവക്കാട് | തൃശ്ശൂർ |
| 32 | അതിവേഗ പ്രത്യേക കോടതി, കൊടുങ്ങല്ലൂർ | തൃശ്ശൂർ |
| 33 | അതിവേഗ പ്രത്യേക കോടതി, വടക്കാഞ്ചേരി | തൃശ്ശൂർ |
| 34 | അതിവേഗ പ്രത്യേക കോടതി, പാലക്കാട്** | പാലക്കാട് |
| 35 | അതിവേഗ പ്രത്യേക കോടതി, പട്ടാമ്പി | പാലക്കാട് |
| 36 | അതിവേഗ പ്രത്യേക കോടതി, പെരിന്തൽമണ്ണ | മഞ്ചേരി |
| 37 | അതിവേഗ പ്രത്യേക കോടതി, തിരൂർ | മഞ്ചേരി |
| 38 | അതിവേഗ പ്രത്യേക കോടതി, മഞ്ചേരി** | മഞ്ചേരി |
| 39 | അതിവേഗ പ്രത്യേക കോടതി–II, മഞ്ചേരി | മഞ്ചേരി |
| 40 | അതിവേഗ പ്രത്യേക കോടതി–II, പെരിന്തൽമണ്ണ | മഞ്ചേരി |
| 41 | അതിവേഗ പ്രത്യേക കോടതി, പൊന്നാനി | മഞ്ചേരി |
| 42 | അതിവേഗ പ്രത്യേക കോടതി, പരപ്പനങ്ങാടി | മഞ്ചേരി |
| 43 | അതിവേഗ പ്രത്യേക കോടതി, നിലമ്പൂർ | മഞ്ചേരി |
| 44 | അതിവേഗ പ്രത്യേക കോടതി, കോഴിക്കോട് ** | കോഴിക്കോട് |
| 45 | അതിവേഗ പ്രത്യേക കോടതി, കൊയിലാണ്ടി | കോഴിക്കോട് |
| 46 | അതിവേഗ പ്രത്യേക കോടതി, നാദാപുരം | കോഴിക്കോട് |
| 47 | അതിവേഗ പ്രത്യേക കോടതി, കൽപ്പറ്റ** | കൽപ്പറ്റ |
| 48 | അതിവേഗ പ്രത്യേക കോടതി, സുൽത്താൻ ബത്തേരി | കൽപ്പറ്റ |
| 49 | അതിവേഗ പ്രത്യേക കോടതി, തലശ്ശേരി** | തലശ്ശേരി |
| 50 | അതിവേഗ പ്രത്യേക കോടതി, തളിപ്പറമ്പ് | തലശ്ശേരി |
| 51 | അതിവേഗ പ്രത്യേക കോടതി, കണ്ണൂർ | തലശ്ശേരി |
| 52 | അതിവേഗ പ്രത്യേക കോടതി, മട്ടന്നൂർ | തലശ്ശേരി |
| 53 | അതിവേഗ പ്രത്യേക കോടതി, ഹോസ്ദുർഗ്** | കാസറഗോഡ് |
| 54 | അതിവേഗ പ്രത്യേക കോടതി, കാസറഗോഡ് | കാസറഗോഡ് |
| 55 | അതിവേഗ പ്രത്യേക കോടതി, ആലത്തൂർ | പാലക്കാട് |

| | | |
|---|---|---|
| 56 | അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി (സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ ഉൾപ്പെട്ട കേസുകളുടെ വിചാരണയ്ക്കായി), എറണാകുളം | എറണാകുളം |
| 57 | അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി (സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ ഉൾപ്പെട്ട കേസുകളുടെ വിചാരണയ്ക്കായി), കോഴിക്കോട് | കോഴിക്കോട് |
| 58 | അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി (സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ ഉൾപ്പെട്ട കേസുകളുടെ വിചാരണയ്ക്കായി), തിരുവനന്തപുരം | തിരുവനന്തപുരം |
| 59 | ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി, കൊല്ലം | കൊല്ലം |
| 60 | ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി, പത്തനംതിട്ട | പത്തനംതിട്ട |
| 61 | ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി, ആലപ്പുഴ | ആലപ്പുഴ |
| 62 | ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി, കോട്ടയം | കോട്ടയം |
| 63 | ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി, തൊടുപുഴ | തൊടുപുഴ |
| 64 | ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി, തൃശ്ശൂർ | തൃശ്ശൂർ |
| 65 | ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി, പാലക്കാട് | പാലക്കാട് |
| 66 | ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി, മഞ്ചേരി | മഞ്ചേരി |
| 67 | ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി, കൽപ്പറ്റ | കൽപ്പറ്റ |
| 68 | ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി, തലശ്ശേരി | തലശ്ശേരി |
| 69 | ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി, കാസറഗോഡ് | കാസറഗോഡ് |

| | | |
|---|---|---|
| 70 | അഡീഷണൽ സ്പെഷ്യൽ കോടതി, മൂവാറ്റുപുഴ*** | എറണാകുളം |

** സ.ഉ.(കൈ.)നം.203/2021/ആഭ്യന്തരം തീയതി 22.11.2021 പ്രകാരം എക്സ്ക്ലൂസീവ് പോക്സോ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുള്ള അതിവേഗ പ്രത്യേക കോടതികൾ

*** സ്ഥിരം എക്സ്ക്ലൂസീവ് പോക്സോ കോടതികൾ

അനുബന്ധം - ബി

| ജില്ലകൾ | 31.07.2025 വരെ തീർപ്പാക്കാൻ ശേഷിക്കുന്ന POCSO നിയമ പ്രകാരമുള്ള കേസുകൾ |
|---|---|
| തിരുവനന്തപുരം | 1370 |
| കൊല്ലം | 463 |
| പത്തനംതിട്ട | 131 |
| കോട്ടയം | 219 |
| ആലപ്പുഴ | 468 |
| തൊടുപുഴ | 362 |
| എറണാകുളം | 704 |
| തൃശ്ശൂർ | 368 |
| പാലക്കാട് | 519 |
| മഞ്ചേരി | 578 |
| കോഴിക്കോട് | 642 |
| കൽപറ്റ | 241 |
| കണ്ണൂർ | 225 |
| കാസറഗോഡ് | 232 |
| **ആകെ** | **6522** |